# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്തിയൊമ്പത്

## ജീവന്റെ പ്രാർത്ഥന

## (2)

കഴിഞ്ഞ ദൂതിൽ യോഹന്നാൻ 17-ലെ കർത്താവിന്റെ പ്രാർത്ഥനയുടെ കേന്ദ്രചിന്ത എന്ന വിഷയം നാം പരിഗണിച്ചു. ഈ ദൂതിൽ ഈ പ്രാർത്ഥനയുടെ രണ്ടാം ഭാഗത്തേക്ക് നാം വരുന്നു. ആദ്യഭാഗമായ 1 മുതൽ 5 വരെയുള്ള വാക്യങ്ങൾ, പ്രാർത്ഥനയുടെ വിഷയം നമുക്ക് നൽകുന്നു; രണ്ടാം ഭാഗമായ, 6 മുതൽ 24 വരെയുള്ള വാക്യങ്ങൾ, ഒരുമയെക്കുറിച്ച് ചർച്ച ചെയ്യുന്നു. ഒരുമയുടെ ഉദ്ദേശ്യം പുത്രൻ പിതാവിനെ മഹത്വപ്പെടുത്തത്തക്കവണ്ണം, പുത്രന്റെ മഹത്വീകരണം എന്നതാണ്. ഈ ഒരുമയിലുള്ള ജനം, എല്ലാ ശിഷ്യന്മാരും, ദൈവം തിരഞ്ഞെടുത്തതും കർത്താവായ യേശുവിന് നല്കിയവരുമായ എല്ലാവരും, കർത്താവ് നിത്യജീവൻ നല്കിയവരുമായ എല്ലാവരും, ഉൾപ്പെടുന്നതാണ്.

### I. വിശ്വാസികൾ ഒന്നിലേക്ക് കെട്ടുപണി ചെയ്യപ്പെടുന്നു

ഒരുമ ഉണ്ടായിരിക്കുവാൻ, കെട്ടുപണി ഉണ്ടായിരിക്കണം. കെട്ടുപണി ഇല്ലാതെ ഒരുമയില്ല. വസ്തുക്കൾ കൂമ്പാരമാക്കുന്നത് ഒരുമയാണ് എന്ന് ചിന്തിക്കരുത്. അല്ല, അതല്ല ഒരുമ. ഒരു വീടിനെക്കുറിച്ച് ചിന്തിക്കുക. വീട്ടിലെ എല്ലാ വസ്തുക്കളും തമ്മിൽ ശരിയായ ഒരുമയുണ്ട്. ആ ഒരുമയാണ് കെട്ടുപണി. ഓരോ വസ്തുവും പരസ്പരം യുക്തമായി കൂട്ടിയോജിപ്പിച്ചിരിക്കുന്നു. ഇതാണ് ഒരുമ. ഇന്ന് അനേക ക്രിസ്ത്യാനികളും കൂമ്പാരത്തെയാണ് ഒരുമ എന്നു പറയുന്നത്. എന്നാൽ, ചിലപ്പോൾ ഇത് കൂമ്പാരം പോലുമല്ല. ഒരു വ്യക്തി മറ്റൊരാളിൽനിന്ന് അകലെ ഇരുന്നുകൊണ്ട് 'നാം ഒന്നാണ്'

എന്നു പറയുന്ന കാര്യമാണ്. ഇത്തരത്തിലുള്ള ഒരുമയെപ്പറ്റി വേലിക്കു മുകളിലൂടെയുള്ള ഹസ്തദാനം എന്നാണ് സഹോദരൻ നീ വിവരിക്കുന്നത്. എന്നാൽ ഇന്നത്തെ ഒരുമ, വേലിക്കു മുകളിലൂടെയുള്ള ഹസ്തദാനം പോലുമല്ല, പരസ്പരം അകന്നിരിക്കുന്നവരുടെ ഒരു യാചനയാണ്. കിഴക്കൻ തീരത്തുള്ള ഒരാൾ പടിഞ്ഞാറൻ തീരത്തുള്ള ഒരാളോട് താനുമായി ഒന്നായിരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടു പറയുന്നു."പ്രിയ സഹോദരാ, ഞാൻ നിന്നോട് ഒന്നാണ്." പടിഞ്ഞാറൻ തീരത്തുള്ള ആൾ മറുപടി നൽകും,"അതെ, ഞാൻ നിന്നോട് ഒന്നാണ്."എന്നിരുന്നാലും, അവന്റെ ഹൃദയത്തിൽ അവൻ പറയുന്നു:"നാം തമ്മിൽ സുരക്ഷിതമായ ഒരു അകലം സൂക്ഷിച്ചില്ലെങ്കിൽ, നാം പരസ്പരം നീരസമുണ്ടാക്കും."

ഇത് യഥാർത്ഥ ഒരുമയാണെങ്കിൽ, ശരീരം എവിടെ? തോൾ കഴുത്തിനെ ഭയന്ന് അതിൽനിന്നും ഒരു സുരക്ഷിത അകലം കാത്തുസൂക്ഷിക്കാൻ ആഗ്രഹിക്കുന്നു എന്നതാണ് ഇന്നത്തെ അവസ്ഥ. കണ്ണും മൂക്കിനെ ഭയന്നുകൊണ്ടു പറയുന്നു,"സഹോദരാ മൂക്കേ, നീ അതിശക്തനാണ്. എനിക്ക് നിന്നോടുകൂടെ ഇരിക്കുവാൻ ധൈര്യമില്ല. ഞാൻ നിന്നോട് മാന്യത കാണിക്കുവാനും നിനക്കു നന്മ ചെയ്യുവാനും ആഗ്രഹിക്കുന്നു, എന്നാൽ എനിക്ക് നിന്നിൽനിന്ന് ഒരു സുരക്ഷിതമായ അകലം കാത്തുസൂക്ഷിക്കേണ്ടതുണ്ട്."മിക്ക ക്രിസ്തീയ വേലക്കാരും മറ്റുള്ളവരുമായി ഒന്നായിരിക്കാൻ ആഗ്രഹിക്കുന്നില്ല. അത്തരത്തിലുള്ള ഒരു സാഹചര്യം ഒരുമയല്ല. ശരിയായ ഒരുമ കെട്ടുപണിയാണ്. നിങ്ങളുടെ ഭൗതികശരീരത്തിന്റെ ഒരുമയെ നോക്കൂ: ആ ഒരുമ കെട്ടുപണിയെ സംബന്ധിച്ച കാര്യമാണ്. കർത്താവിന് ഇന്ന് ആവശ്യമായിരിക്കുന്നത് ഈ കെട്ടുപണി ആണെന്ന് നാം എല്ലാവരും കാണണം. രണ്ടായിരം വർഷം മുമ്പ്, കർത്താവ് പറഞ്ഞു:"ഞാൻ വേഗം വരുന്നു"(വെളി.22:20). രണ്ടായിരം വർഷം കടന്നുപോയി, ഇതുവരെയും അവൻ വന്നിട്ടില്ല. എന്തുകൊണ്ട്? ശരിയായ ഒരു കെട്ടുപണിയില്ലാതെ മടങ്ങിവരുന്നത് അവന് ലജ്ജയാണ്. കർത്താവിന്റെ ഹൃദയത്തോട് പ്രതികരിക്കുന്നവരും പരസ്പരം ഒന്നായി കെട്ടുപണി ചെയ്യുവാൻ തങ്ങളുടെ വ്യക്തിത്വം നഷ്ടമാക്കുവാൻ മനസ്സുള്ളവരുമായ ഒരു ചെറിയ [illegible] ഷിപ്പ് ഉണ്ടായിരിക്കണം. ഇത് ശത്രുവിന് ലജ്ജയായിരിക്കും. ശത്രുവായ സാത്താൻ ഈ കെട്ടുപണി വെറുക്കുന്നു. അതുകൊണ്ട്, യോഹന്നാൻ 17-ൽ, കർത്താവ് ഇതിനായി പ്രാർത്ഥിച്ചു.

**6 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ വിശ്വാസികൾ ഒന്നായി കെട്ടുപണി ചെയ്യപ്പെടുവാനായി കർത്താവ് പ്രാർത്ഥിച്ചു. ഈ ഒരുമ മൂന്ന് ഘട്ടങ്ങളിലാണ്: നിത്യജീവനാൽ പിതാവിന്റെ നാമത്തിലും (വാ.6-13); വിശുദ്ധവചനത്താലുള്ള ശുദ്ധീകരണത്തിലൂടെ ത്രിയേക ദൈവത്തിലും(വാ.14-21); ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി ദിവ്യതേജസ്സിലും(വാ.22-24).**

## A. നിത്യജീവനാൽ പിതാവിന്റെ നാമത്തിൽ

വിശ്വാസികളുടെ കെട്ടുപണിയായ, യഥാർത്ഥ ഒരുമ നിത്യജീവനാൽ പിതാവിന്റെ നാമത്തിലാണ്. പിതാവിന്റെ നാമത്തിന്റെ യാഥാർത്ഥ്യമാണ് നിത്യജീവൻ. പിതാവിന്റെ നാമം പിതാവ് എന്നാണ്; പിതാവിന്റെ യാഥാർത്ഥ്യം ദിവ്യജീവനാണ്. ഇത് നമ്മുടെ ജഡീക പിതാവിനെ സംബന്ധിച്ചുപോലും വാസ്തവമാണ്. കാരണം നമ്മുടെ ജഡീക പിതാവിന്റെ യാഥാർത്ഥ്യമാണ് അവന്റെ ജീവൻ. നമ്മുടെ പിതാവിന് നമ്മിലേക്ക് പകരുവാൻ ജീവൻ ഇല്ലായിരുന്നെങ്കിൽ, അവന് നമ്മുടെ പിതാവ് ആയിരിക്കുവാൻ ഒരിക്കലും കഴിയുകയില്ലായിരുന്നു. എന്റെ പിതാവ് യഥാർത്ഥത്തിൽ എന്റെ പിതാവാണ്, കാരണം എന്നിലേക്ക് പകരപ്പെട്ട ജീവൻ അവനുണ്ട്. അവനാൽ എന്നിലേക്ക് പകരപ്പെട്ട ആ ജീവൻ തന്നെയാണ് എന്റെ പിതാവ് ആയിരിക്കുന്ന അവന്റെ യാഥാർത്ഥ്യം. പിതാവ് എന്ന വാക്ക് ഒരു നാമം മാത്രമല്ല; അതൊരു യാഥാർത്ഥ്യമായിരിക്കണം. നിത്യജീവനായ, ദിവ്യജീവനാണ്, പിതാവ് എന്ന നാമത്തിന്റെ യാഥാർത്ഥ്യം.

### *1. പിതാവ്*

#### *a. ജീവന്റെ സ്രോതസ്സ്*

പിതാവ് ജീവന്റെ സ്രോതസ്സാണ്. "പിതാവിന് തന്നിൽതന്നെ ജീവനുണ്ട് എന്നു പറയുന്ന 5:26-ലുള്ള കർത്താവിന്റെ വചനം ഇത് സൂചിപ്പിക്കുന്നു. മുഴുവൻ തിരുവെഴുത്തുകളിലും, പ്രത്യേകിച്ച് യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ പിതാവ് ജീവന്റെ [illegible]ിനെ സൂചിപ്പിക്കുന്നു. ഒരു മനുഷ്യ കുടുംബത്തിൽപോലെ [illegible] കുടുംബത്തിലെ ജീവന്റെ സ്രോതസ്സ് പിതാവാണ്. ഒരു കുടുംബത്തിലെ പിതാവ്, ജീവന്റെ സ്രോതസ്സും ഉറവിടവും ആയിരിക്കുന്നതുപോലെ പിതാവ് എന്ന നാമം ജീവന്റെ സ്രോതസ്സ് ആയി പിതാവിനെ വെളിപ്പെടുത്തുന്നു.

#### *b. ജീവന്റെ പ്രചാരണത്തിനും വർദ്ധനവിനും വേണ്ടി*

**ജീവന്റെ സ്രോതസ്സായ പിതാവ്, ജീവന്റെ പ്രചാരണത്തിനും വർദ്ധനവിനും വേണ്ടിയുള്ളവനാണ്. ഒരു മനുഷ്യകുടുംബത്തിലെ ജീവന്റെ സ്രോതസ്സായ ആ കുടുംബത്തിലെ പിതാവ്, ജീവന്റെ പ്രചാരണത്തിനു വേണ്ടിയുള്ളവൻ ആണ്. ഒരു മനുഷ്യൻ നന്നേ ചെറുപ്പമായിരിക്കാമെങ്കിലും, ജീവന്റെ സ്രോതസ്സോടെ അവൻ ഒരു പിതാവ് ആയിരിക്കുന്നിടത്തോളം, അവന് അല്പം പ്രചാരണമുണ്ട്. ആരംഭത്തിൽ, ഒരു മനുഷ്യൻ ഒറ്റയ്ക്കായിരിക്കാം, എന്നാൽ പിന്നീട് അവന് നാല് [illegible]ുന്നുകൾ ഉണ്ടായി. വിവാഹിതനായശേഷം, ഒരു കുടുംബത്തിലെ സ്രോതസ്സ് എന്ന നിലയിൽ, പിതാവിന്റെ ജീവനായ, ഈ മനുഷ്യന്റെ**

ജീവൻ പ്രചരിക്കുവാൻ ആരംഭിക്കുന്നു. ജീവന്റെ പ്രചാരണം നടന്നുകൊണ്ടിരിക്കുമ്പോൾ, അവിടെ ജീവന്റെ വർദ്ധനവുമുണ്ട്. പിതാവിന്റെ ജീവൻ പ്രചാരണത്തിനും വർദ്ധനവിനും വേണ്ടിയുള്ളതാണ്.

### c. അവനെ ആവിഷ്കരിക്കുവാൻ അവനിൽനിന്നും അനേക പുത്രന്മാർ ജനിച്ചിരിക്കുന്നു

ജീവന്റെ സ്രോതസ്സും ജീവന്റെ പ്രചാരണവും വർദ്ധനവുമായ നമ്മുടെ പിതാവിൽനിന്ന്, അവനെ ആവിഷ്കരിക്കുവാൻ അനേക പുത്രന്മാർ ജനിക്കുന്നു(1:12-13). അതുകൊണ്ട്, നമുക്ക് പ്രചാരണവും വർദ്ധനവും ആവിഷ്കാരവുമുണ്ട്. പതിനാലു മുതൽ പതിനാറു വരെയുള്ള അദ്ധ്യായങ്ങളിലെ ദൂതിന്റെ സ്ഥിരീകരണവും ശക്തീകരണവുമാണ് ഈ ഉപസംഹാരപ്രാർത്ഥന എന്നു നാം കണ്ടു. ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടിയുള്ള ജീവന്റെ പ്രചാരണവും ജീവന്റെ വർദ്ധനവും ആ ദൂതിൽ നാം കണ്ടു. ഇപ്പോൾ ഈ ഉപസംഹാരപ്രാർത്ഥനയിൽ ചില കാര്യങ്ങൾ നമുക്കുണ്ട്: പിതാവ് തന്റെ ആവിഷ്കാരത്തിനുവേണ്ടി പ്രചാരണം നടത്തിക്കൊണ്ടിരിക്കുകയും അനേക പുത്രന്മാരെ ഉളവാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

Tue

### d. "പിതാവ്"എന്ന നാമം ദിവ്യജീവനുമായി ബന്ധപ്പെട്ടിരിക്കുന്നു

പിതാവ് എന്ന നാമം ദിവ്യജീവനുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. ദിവ്യജീവനില്ലാതെ, ദൈവത്തിന് ഒരിക്കലും പിതാവായിരിക്കുവാൻ കഴിയുകയില്ല. ഒരു മനുഷ്യന് പിതാവായിരിക്കുവാൻ എങ്ങനെ സാധിക്കും? അവന്റെ ജീവനാൽ മാത്രം. നിങ്ങൾക്ക് ജീവൻ ഇല്ലെങ്കിൽ, നിങ്ങൾക്ക് ഒരു പിതാവായിരിക്കുവാൻ കഴിയുകയില്ല. ഒരു പിതാവ്, ഒരു ഉൽപാദകനാണ്. ഒരു പിതാവ് ഉൽപാദിപ്പിക്കുന്നത് നിർമ്മാണത്തിലൂടെയല്ല, മറിച്ച് ജനിപ്പിക്കുന്നതിലൂടെയാണ്. ഒരു പിതാവിന് ജനിപ്പിക്കുന്ന ഒരു ജീവനുണ്ട്. ആ ജീവൻ കൂടാതെ, ഒരു മനുഷ്യന് പിതാവായിരിക്കുന്നതിന്റെ യാഥാർത്ഥ്യമില്ല. ജനിപ്പിക്കുന്നതിനും പ്രചാരണം നടത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും അനേക പുത്രന്മാരെ ഉളവാക്കുന്നതിനും വേണ്ടിയുള്ള ദിവ്യജീവൻ പിതാവിന് ഉണ്ട് എന്ന് ഓർക്കുന്നത് യോഹന്നാന്റെ സുവിശേഷം വളരെ നന്നായി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കും. ഒരു മനുഷ്യന് കുഞ്ഞുങ്ങളെ ജനിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, അവൻ ഒരു പിതാവല്ല. നിങ്ങൾ ഒരു പിതാവായിരിക്കുന്നതിന്റെ യോഗ്യത നിങ്ങളുടെ കുഞ്ഞുങ്ങളെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾക്ക് കൂടുതൽ കുട്ടികളുണ്ടെങ്കിൽ ഒരു പിതാവ് എന്ന നിലയിൽ നിങ്ങൾ വലിയവനാണ്. ഒരു മനുഷ്യന് നൂറ് കുട്ടികൾ ഉണ്ടെന്ന് കരുതുക. അവന് ജനിപ്പിക്കാനുള്ള സമൃദ്ധമായ ജീവനുള്ളതുകൊണ്ട്, ഉറപ്പായിട്ടും അവൻ ഭൂമിയിലെ ഏറ്റവും വലിയ പിതാവായിരിക്കും. നമ്മുടെ പിതാവിന് എത്ര മക്കളുണ്ടെന്ന് ചിന്തിക്കുക.

അവന് നൂറുകണക്കിന് മാത്രമല്ല, കോടിക്കണക്കിന് മക്കളുണ്ട്. അവൻ എത്രയോ മഹാനായ പിതാവാണ്! അവന് ജീവന്റെ പ്രചാരണം എത്ര മാത്രം ഉണ്ട്.

അവനെ പിതാവ് എന്ന് നാം വിളിക്കുമ്പോഴെല്ലാം ഈ നാമം അവന്റെ ദിവ്യജീവനാൽ യാഥാർത്ഥ്യമായിരിക്കുന്നു എന്ന് നാം മനസ്സിലാക്കണം. അവന്റെ ദിവ്യജീവൻ ഇല്ലാതെ, പിതാവ് എന്ന നാമം ഉൾക്കാമ്പോ യാഥാർത്ഥ്യമോ ഇല്ലാത്ത ഒരു ശൂന്യമായ പദം മാത്രമായിരിക്കും. പിതാവ് എന്ന നാമത്തിന്റെ യാഥാർത്ഥ്യം ദിവ്യജീവൻ ആയതുകൊണ്ട്, നാം പിതാവിന്റെ നാമത്തിൽ ഒന്നാണ് എന്നു പറയുന്നതിന്റെ അർത്ഥം നാം ദിവ്യജീവനിൽ ഒന്നാണ് എന്നാകുന്നു.

## 2. പിതാവിന്റെ നാമം

### a. *"ദൈവം," എന്നും "യഹോവ," എന്നുമുള്ള നാമങ്ങൾ പഴയനിയമത്തിൽ വേണ്ടവണ്ണം വെളിപ്പെട്ടു*

'നീ ലോകത്തിൽ നിന്നു എനിക്കു തന്നിട്ടുള്ള മനുഷ്യർക്ക് ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു," എന്ന് 6-ാം വാക്യത്തിൽ കർത്താവ് പിതാവിനോട് പറഞ്ഞു. ഇവിടെ പരാമർശിച്ചിരിക്കുന്ന നാമം പിതാവ് എന്ന നാമം തന്നെയാണ്. ദൈവം എന്നും യഹോവ എന്നുമുള്ള നാമങ്ങൾ പഴയനിയമത്തിൽ വേണ്ടവണ്ണം മനുഷ്യന് വെളിപ്പെടുത്തിയിരുന്നു, എന്നാൽ പിതാവ് എന്ന നാമം വെളിപ്പെടുത്തിയിരുന്നില്ല. പഴയനിയമ കാലത്ത്, ദൈവത്തിന്റെ ജനം പ്രധാനമായും അറിഞ്ഞത് ദൈവം ഏലോഹിം, അതായത്, ദൈവം ആയിരുന്നു എന്നും, യഹോവ അതായത് എന്നേക്കും നിലനിൽക്കുന്നവൻ എന്നുമായിരുന്നു; എന്നാൽ പിതാവ് എന്ന നാമത്തെക്കുറിച്ച് അവർക്ക് അധികം അറിവില്ലായിരുന്നു. സൃഷ്ടിപ്പിനുവേണ്ടിയുള്ള നാമമാണ് ദൈവം; അവനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനുവേണ്ടിയുള്ള അവന്റെ നാമമാണ് യഹോവ. ഉല്പത്തി ഒന്നാം അദ്ധ്യായം ദൈവം എന്ന നാമം വെളിപ്പെടുത്തിയിരിക്കുന്നു, എന്നാൽ യഹോവ എന്ന നാമം വെളിവാക്കുന്നില്ല. ഉല്പത്തി രണ്ടാം അദ്ധ്യായം വരെ, ദൈവം മനുഷ്യനുമായി ഒരു ബന്ധം സ്ഥാപിക്കുവാൻ തുടങ്ങിയപ്പോൾ ആയിരുന്നു അവൻ യഹോവ എന്ന നാമം വെളിപ്പെടുത്തിയത്.

### b. *"പിതാവ്" എന്ന നാമം പഴയനിയമത്തിൽ അല്പമായി പ്രതിപാദിച്ചിരിക്കുന്നു*

ദൈവം എന്നും യഹോവ എന്നുമുള്ള നാമങ്ങൾ പഴയനിയമത്തിൽ പൂർണ്ണമായി വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും, പിതാവ് എന്ന നാമം പൂർണ്ണമായി വെളിപ്പെടുത്തിയിട്ടില്ല. യെശയ്യാവ് 9:6; 63:16, 64:8 എന്നീ ഭാഗങ്ങളിൽ എന്നപോലെ അല്പമായി മാത്രമേ ഇത് പരാമർശിച്ചിട്ടുള്ളൂ. പിതാവ് എന്ന നാമത്തിനു പിമ്പിലുള്ള വെളിപ്പാട്

എന്താണ്? ജീവബന്ധം നിമിത്തമുള്ള നാമമാണ് പിതാവ് എന്നത്. “എന്റെ പിതാവ്,” എന്ന് ഞാൻ പറയുമ്പോൾ, ഞാൻ അർത്ഥമാക്കുന്നത് അവന്റെ ജീവൻ എനിക്കുണ്ടെന്നും അവനിൽ നിന്നായിരുന്നു ഞാൻ ജനിച്ചത് എന്നുമാണ്. നിരവധി വ്യക്തികളെ വീണ്ടുംജനിപ്പിക്കുന്നവനായ ഒരു ജനിപ്പിക്കുന്ന പിതാവാണ് ദൈവം എന്ന വെളിപ്പാട് പഴയനിയമം തുറന്നുകാട്ടുന്നില്ല. അനേക പുത്രന്മാരെ വീണ്ടും ജനിപ്പിക്കുന്ന ഒരുവനാണ് പിതാവായ ദൈവം എന്ന് പുതിയനിയമത്തിലാണ് കർത്താവ് വെളിപ്പെടുത്തുന്നത്. അവൻ ജീവന്റെ സ്രോതസ്സാണ്; അതുകൊണ്ട്, അവൻ പിതാവാണ്. അസംഖ്യം പുത്രന്മാരെ തന്റെ ജീവനാൽ വീണ്ടുംജനിപ്പിക്കുന്നതിലൂടെ ഉളവാക്കുക എന്നത് അവന്റെ ഉദ്ദേശ്യമാണ്. തന്റെ ജീവൻകൊണ്ട് അനേക ജനത്തെ ജനിപ്പിച്ച്, അവരെ തന്റെ മക്കളും പുത്രന്മാരും ആക്കുന്നതുകൊണ്ട് ദൈവം പിതാവാണ്. മത്തായിയുടെ പുസ്തകത്തിൽ കർത്താവ് തന്റെ ശിഷ്യന്മാരെ പിതാവായ ദൈവത്തെ,“സ്വർഗ്ഗത്തിലുള്ള ഞങ്ങളുടെ പിതാവേ”എന്ന് വിളിക്കുവാൻ പഠിപ്പിച്ചു(മത്താ.6:9). ദൈവത്തെ നമ്മുടെ പിതാവ് എന്നു വിളിക്കുമ്പോൾ, അവൻ നമ്മുടെ യഥാർത്ഥ പിതാവാണ് എന്ന് നാം മനസ്സിലാക്കണം. അവൻ നമ്മുടെ അമ്മായിയപ്പനല്ല; നാം അവന്റെ ദത്തുപുത്രന്മാരുമല്ല. നമ്മുടെ പിതാവ് ജീവനിലുള്ള നമ്മുടെ പിതാവ്, നമ്മുടെ യഥാർത്ഥ പിതാവ് ആണ്. നാം അവനെ പിതാവ് എന്നു വിളിക്കുന്നതിനു കാരണം നാം അവനിൽനിന്ന് ജനിച്ചവരും, നാം അവന്റെ ജീവൻ ഉള്ളവരും ആയതുകൊണ്ടാണ്.

ദൈവത്തെ നമ്മുടെ പിതാവ് എന്ന് വിളിക്കുന്നത് എത്രയോ മധുരമാണ്! റോമർ 8:15-ഉം, ഗലാത്യർ 4:6-ഉം“അബ്ബാ, പിതാവേ”എന്ന് വിളിക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നു. ലോകത്തുടനീളം, ചെറിയ കുട്ടികൾ തങ്ങളുടെ മാതാപിതാക്കളെ അഭിസംബോധന ചെയ്യുവാൻ, പപ്പാ എന്നോ മമ്മാ എന്നോ ഉള്ള ഇരട്ടനാമം ഉപയോഗിക്കാറുണ്ട്. പാ അല്ലെങ്കിൽ മാ എന്ന് വിളിക്കുന്നത് അത്ര ഉറ്റബന്ധം കാണിക്കുന്നില്ല. എന്നാൽ പപ്പാ അല്ലെങ്കിൽ മമ്മാ എന്ന് വിളിക്കുന്നത് ഉറ്റബന്ധം കാണിക്കുന്നു. എല്ലാ വർഗ്ഗത്തിലുമുള്ള കുട്ടികൾ തങ്ങളുടെ പിതാക്കളെ പപ്പാ, ബാബാ അല്ലെങ്കിൽ ഇതുപോലെ എന്തെങ്കിലും വിളിക്കാറുണ്ട്. ഞാൻ എന്റെ പിതാവിൽനിന്നും ജനിക്കാതെ, അദ്ദേഹത്തെ പപ്പാ എന്ന് വിളിക്കുന്നത് വളരെ ലജ്ജാകരമാണ്. നിങ്ങളുടെ അമ്മായി അപ്പനെ ഇത്തരത്തിൽ വിളിക്കുന്നതും ലജ്ജാകരമാണ്. അത് അത്ര മധുരമായിരിക്കുകയില്ല.

പുതുതായി രക്ഷിക്കപ്പെട്ട ഒരു വ്യക്തി ഒരിക്കൽ സഹോദരൻ നീയുടെ അടുക്കൽ ചെന്ന്“അബ്ബാ പിതാവേ,”എന്നു വിളിക്കുന്നത് നാം ദൈവത്തിന്റെ മക്കളാണ് എന്നതിന്റെ സാക്ഷ്യമാണ് എന്ന് റോമർ

8:15-ലും 16-ലും പറയുന്നത് എന്തുകൊണ്ടാണ് എന്നു ചോദിച്ചു. ഉടൻ തന്നെ സഹോദരൻ നീ, ആ യുവ സഹോദരനോട് അവൻ വിവാഹം കഴിച്ചവനാണോ എന്ന് ചോദിച്ചു. താൻ വിവാഹം കഴിഞ്ഞവനാണ് എന്ന് അവൻ മറുപടി നൽകിയപ്പോൾ, സഹോദരൻ നീ പറഞ്ഞു, "നിങ്ങളുടെ വിവാഹത്തിനുശേഷം, ആദ്യമായി നിങ്ങളുടെ ഭാര്യയുടെ രക്ഷകർത്താക്കളെ സന്ദർശിച്ചപ്പോൾ നിങ്ങളുടെ അമ്മായിഅപ്പനെ നിങ്ങൾ എന്താണ് വിളിച്ചത്?"വളരെ വൈമനസ്യത്തോടെ ഞാൻ പപ്പാ എന്നു വിളിച്ചു,"എന്ന് യുവസഹോദരൻ ഉത്തരം നൽകി. അപ്പോൾ സഹോദരൻ നീ അന്വേഷിച്ചു,"നിങ്ങളുടെ സ്വന്തം പിതാവിനെ വിളിക്കുമ്പോൾ, ഇത്തരത്തിൽ വൈമനസ്യത്തോടെ ആണോ നിങ്ങൾ അദ്ദേഹത്തെ അഭിസംബോധന ചെയ്യുന്നത്?"സഹോദരൻ പറഞ്ഞു,"തീർച്ചയായും അല്ല. ഞാൻ എന്റെ പിതാവിനെ വിളിക്കുമ്പോൾ അത് വളരെ മധുരമാണ്."എന്തുകൊണ്ടാണ് ഭാര്യയുടെ പിതാവിനെ പപ്പാ എന്നു വൈമനസ്യത്തോടെ വിളിക്കുന്നത് എന്ന് സഹോദരൻ നീ അവനോട് ചോദിച്ചു. അവൻ പറഞ്ഞു,"അദ്ദേഹം എന്റെ പിതാവ് അല്ലാത്തതുകൊണ്ട്."അപ്പോൾ സഹോദരൻ നീ പറഞ്ഞു, "അതു ശരിയാണ്, അവൻ നിന്റെ പിതാവല്ല. അതുകൊണ്ട് അവനെ പപ്പാ എന്നു വിളിക്കുവാൻ തീർത്തും പ്രയാസമാണ്. ദൈവം നിങ്ങളുടെ അമ്മായിഅപ്പനല്ല; അവൻ നിങ്ങളുടെ പിതാവാണ്, ജീവനിലുള്ള നിങ്ങളുടെ പിതാവ്."ജീവനിൽ ദൈവം നമ്മുടെ പിതാവായതുകൊണ്ട് അവനെ,"അബ്ബാ, പിതാവേ,"എന്നു വിളിക്കുന്നത് വളരെ മാധുര്യമേറിയതാണ്. ഈ മാധുര്യം നിങ്ങൾ അനുഭവിക്കുമ്പോൾ, നിങ്ങൾ അവന്റെ കുഞ്ഞുങ്ങളാണെന്നും അവൻ വാസ്തവമായും ജീവനിൽ നിങ്ങളുടെ പിതാവാണെന്നും നിങ്ങൾ അറിയും.

### *c. പുത്രൻ പിതാവിന്റെ നാമത്തിൽ വരുകയും പ്രവർത്തിക്കുകയും ചെയ്തു*

പിതാവിന്റെ നാമത്തിൽ ദൈവപുത്രനായി ക്രിസ്തു വരുകയും (5:43) പിതാവിന്റെ നാമത്തിൽ പ്രവർത്തിക്കുകയും ചെയ്തു(10:25). "പിതാവിന്റെ നാമത്തിൽ"എന്നതിന്റെ അർത്ഥം പിതാവിന്റെ യാഥാർത്ഥ്യത്തിൽ എന്നാണ്. പുത്രൻ പിതാവുമായി ഒന്നായതുകൊണ്ട്(10:30), അവൻ വരുകയും പിതാവിന്റെ നാമത്തിൽ, അതായത്, പിതാവിന്റെ യാഥാർത്ഥ്യത്തിൽ പ്രവർത്തിക്കുകയും ചെയ്തു.

### *d. പുത്രൻ പിതാവിനെ തന്റെ വിശ്വാസികൾക്ക് വെളിപ്പെടുത്തികൊടുക്കുന്നു*

പുത്രൻ പിതാവുമായി ഒന്നായതുകൊണ്ട്, അവൻ വിശ്വാസികളോടുകൂടെ ആയിരുന്നപ്പോൾ, പിതാവ് എന്താണെന്നുള്ളതിൽ

അവൻ പിതാവിനെ അവർക്ക് വെളിപ്പെടുത്തി. അവനെ അവർ കണ്ട പ്പോൾ, അവർ പിതാവിനെ കണ്ടു(14:9). പിതാവ് അവനിൽ ആവി ഷ്കരിക്കപ്പെടുന്നു.

Wed

### *e. പുത്രൻ വിശ്വാസികൾക്ക് പിതാവിന്റെ നാമം അറിയുമാറാക്കുന്നു*

"ഞാൻ നിന്റെ നാമം അവരെ അറിയിച്ചിരിക്കുന്നു; ഇനിയും അറി യിക്കും"എന്ന് 17:26-ൽ കർത്താവ് പറഞ്ഞു. എങ്ങനെ പുത്രൻ പിതാ വിന്റെ നാമം വിശ്വാസികളെ അറിയിച്ചു? അത് ഉപദേശത്തിലൂടെ യല്ല, പിന്നെയോ ശിഷ്യന്മാരിലേക്ക് ജീവൻ പകർന്നുകൊടുത്തുകൊ ണ്ടായിരുന്നു. ഒരു ചെറിയ കുട്ടിക്ക് ഒരു പിതാവിനെ അറിയുവാ നുള്ള ഉത്തമവഴി പിതാവിന്റെ ജീവൻ കുട്ടിയിലേക്ക് പകർന്നുകൊടു ക്കുക എന്നതാണ്. ഒരു മനുഷ്യന്റെ ജീവനോടുകൂടി വാസ്തവമായി ജനിച്ച പുത്രനെക്കാൾ ഒരു ദത്തുപുത്രന് തന്റെ പിതാവിനെ അറിയു ന്നത് കൂടുതൽ പ്രയാസകരമാണ്. നമുക്ക് പിതാവിന്റെ ജീവനുണ്ട്. പിതാവിന്റെ അതേ ജീവനും പ്രകൃതവും നമുക്കുള്ളതുകൊണ്ട്, നമുക്ക് അവനെ അറിയുവാൻ എളുപ്പമാണ്. പിതാവിന്റെ പുത്രൻ എന്ന നില യിൽ, കർത്താവായ യേശു നമ്മിലേക്കു ജീവൻ പകരുവാൻ വന്നു. പിതാവിന്റെ ജീവൻ നമ്മിലേക്ക് പകരപ്പെട്ടതുകൊണ്ട്, സ്വാഭാവിക മായി ഉപദേശത്താൽ അല്ല, ജീവനാൽ, പിതാവിനെ നാം അറിയുന്നു. ജീവനിൽ നാം പിതാവിനെ അറിയുന്നു.

### *3. പിതാവിന്റെ വചനവും പിതാവിന്റെ വചനങ്ങളും*

"അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു"എന്ന് 6-ാം വാക്യ വും,"നീ എനിക്കു തന്ന വചനങ്ങൾ ഞാൻ അവർക്കു കൊടുത്തു, അവർ അതു കൈക്കൊണ്ടു"എന്ന് 8-ാം വാക്യവും പറയുന്നു. ഈ വാക്യങ്ങളിൽ, പിതാവിന് രണ്ടുതരത്തിലുള്ള വചനങ്ങൾ ഉണ്ട് എന്നു ഗ്രീക്കിൽ നാം കാണുന്നു. 6-ാം വാക്യത്തിലെ ലോഗോസ്(logos) സ്ഥിരമായ വചനവും 8-ാം വാക്യത്തിലെ റീമാ(rhema)തത്സമയ വച നവും ആണ്. വിശ്വാസികളിലേക്ക് നിത്യജീവൻ പകരുന്നതിന് കർത്താവ് ലോഗോസും റീമയും ഉപയോഗിച്ചു. സ്ഥിരവചനമായ, ലോഗോസ് എല്ലായ്പ്പോഴും ഒന്നുതന്നെയാണ്. വേദപുസ്തകത്തിലെ എഴുതപ്പെട്ട വചനമാണ് ലോഗോസ്. എന്നാൽ ലോഗോസ് നിങ്ങൾ വായിക്കുമ്പോൾ, നിങ്ങളെ പ്രചോദിപ്പിക്കുവാൻ ആത്മാവ് ഒരു വാച കമോ, ഒരു ശൈലിയോ, അല്ലെങ്കിൽ ഒറ്റ വാക്കോ ഉപയോഗിക്കും. ആ വാക്ക് തത്സമയവാക്കായിത്തീരുന്നു. യോഹന്നാൻ 3:16 ഉദാഹ രണമായി എടുക്കുക. വേദപുസ്തകത്തിലെ എഴുതപ്പെട്ട വചനം എന്ന നിലയിൽ യോഹന്നാൻ 3:16 ലോഗോസ് ആണ്. ഒരു ദിവസം നിങ്ങൾ ഈ വാക്യം വായിക്കുമ്പോൾ, എഴുതപ്പെട്ട വാക്ക് തത്സമയ വാക്കാ യിത്തീരുന്നു. ഉടനെതന്നെ"ദൈവം ലോകത്തെ അധികം സ്നേ

ഹിച്ചു,"എന്ന വാക്കുകൾ മുന്നിട്ട് നിൽക്കുകയും,"ഓ, ദൈവം എന്നെ അധികം സ്നേഹിച്ചു!"എന്ന് നിങ്ങൾ പറയുകയും ചെയ്യും. ഇതിലൂടെ സ്ഥിരവചനം എങ്ങനെ തത്സമയ വചനമായി മാറുന്നു, ലോഗോസ് റീമയായി മാറുന്നു എന്ന് നാം കാണുന്നു.

സ്ഥിരമായ വചനവും തത്സമയ വചനവും, ലോഗോസും റീമയും, ഈ വചനങ്ങൾ സ്വീകരിക്കുന്ന വിശ്വാസികളിലേക്ക് നിത്യജീവൻ പകർന്നുകൊടുക്കുന്നതിനു വേണ്ടിയാണ്. പിതാവിന്റെ വചനങ്ങൾ പ്രധാനമായും ഉപദേശത്തിനോ നിർദ്ദേശത്തിനോ വേണ്ടിയുള്ളതല്ല; അത് പ്രധാനമായും വിശ്വാസികളിലേക്ക് ജീവൻ പകർന്നു നൽകുന്നതിനുവേണ്ടിയാണ്."ദൈവം ലോകത്തെ അധികം സ്നേഹിച്ചു" എന്ന വാക്കുകൾ നിങ്ങളിൽ മുന്നിട്ടു നിൽക്കുകയും നിങ്ങൾ,"നീ എന്നെ സ്നേഹിച്ചു, ദൈവത്തിനു സ്തോത്രം"എന്ന് പറയുവാൻ പ്രചോദനം പ്രാപിക്കുകയും ചെയ്യുമ്പോൾ, ഉടൻതന്നെ ജീവൻ നിങ്ങളിലേക്ക് പകരപ്പെടുന്നു. പിതാവിന്റെ ജീവൻ നിങ്ങൾക്ക് ലഭിച്ചു. പിതാവിന്റെ ജീവൻ പിതാവിന്റെ യാഥാർത്ഥ്യമാണ്. പിതാവിന്റെ ജീവൻ നമുക്കുള്ളപ്പോൾ, നമുക്ക് പിതാവുണ്ട്, പിതാവിനെ നാം ആസ്വദിക്കുകയും ചെയ്യുന്നു. എവിടെയാണ് പിതാവ്? പിതാവ് തന്റെ ജീവനിലാണ്, കാരണം അവന്റെ ദിവ്യജീവൻ പിതാവിന്റെ നാമത്തിന്റെ യാഥാർത്ഥ്യമാണ്.

നമുക്ക് ദൈവവചനം ലഭിച്ചപ്പോൾ, ആ വചനത്താൽ നാം വീണ്ടുംജനിക്കുകയും (1 പത്രൊ.1:23), ദൈവപുത്രന്മാരായിത്തീരുകയും ചെയ്തു. ഇപ്രകാരം, ദൈവം നമ്മുടെ പിതാവാകുകയും നാം ദൈവപുത്രന്മാരാവുകയും ചെയ്തു. അസംഖ്യം പുത്രന്മാരെ ഉളവാക്കുക എന്ന ലക്ഷ്യമുള്ള ജീവന്റെ സ്രോതസ്സായ പിതാവാണ് ദൈവം എന്ന് തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തി കൊടുക്കുവാൻ കർത്താവ് വന്നു. അതുകൊണ്ട്, കർത്താവ് ദൈവവചനം തന്റെ ശിഷ്യന്മാർക്കായി കൊണ്ടുവരുകയും, ഈ വചനം സ്വീകരിക്കുന്നതിലൂടെ അവർ ദൈവത്തിന്റെ വീണ്ടുംജനിച്ച പുത്രന്മാരായിത്തീരുകയും ചെയ്തു. അവർ ദൈവത്തിന്റെ പുത്രന്മാരായിത്തീരുകയും, ദൈവം അവരുടെ പിതാവായിത്തീരുകയും ചെയ്തു. തല്ഫലമായി, അവർക്ക് പിതാവിന്റെ നാമം ഉണ്ട്. തങ്ങളെ ദൈവത്തിന്റെ മക്കളാക്കിത്തീർക്കുന്ന ദൈവത്തിന്റെ ജീവൻ അവർക്കുള്ളതുകൊണ്ട് ഇപ്പോൾ അവർക്ക് ദൈവത്തെ തങ്ങളുടെ പിതാവ് എന്ന് വിളിക്കുവാൻ കഴിയും.

### *4. പിതാവിന്റെ നാമത്തിൽ കാക്കപ്പെടുന്നതിന്*

#### *a. പിതാവിന്റെ ജീവനാൽ*

"ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല. ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ,

അവർ നമ്മെപോലെ ഒന്നാകേണ്ടതിനു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളണമേ," എന്ന് 11-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു, പിതാവിന്റെ നാമത്തിൽ കാക്കുക എന്നാൽ, അവന്റെ ജീവനാൽ കാക്കുക എന്നാണ്. എന്തെന്നാൽ പിതാവിൽനിന്നു ജനിച്ചവർക്കും പിതാവിന്റെ ജീവനുള്ളവർക്കും മാത്രമേ പിതാവിന്റെ നാമത്തിൽ പങ്കാളികളാകുവാൻ കഴിയുകയുള്ളൂ. പിതാവ് അവന് നൽകിയിട്ടുള്ളവർക്ക് പുത്രൻ പിതാവിന്റെ ജീവൻ നല്കിയിരിക്കുന്നു (വാ.2). പിതാവിന്റെ നാമം കാക്കുന്നതിനാലും, അതിൽ ഒന്നായിരിക്കുന്നതിനാലും അവർ പിതാവിന്റെ നാമത്തിന് പങ്കാളികളാണ്. അതുകൊണ്ട്, ഒരുമയുടെ ഒന്നാമത്തെ വശം അവന്റെ ദിവ്യജീവനാലുള്ള പിതാവിന്റെ നാമത്തിലുള്ള ഒരുമയാണ്.

### *b. ലോകത്തിൽ*

പുത്രന്റെ വിശ്വാസികൾ ഇപ്പോഴും ലോകത്തിലാണ്. അവർ കാക്കപ്പെടണം, അതായത്, അവർ വിശുദ്ധീകരിക്കപ്പെടുവാൻ, വിശുദ്ധരാകുവാൻ, ലോകത്തിൽനിന്നു വേർപ്പെട്ടിരിക്കണം. വിശുദ്ധനായ ദൈവം, ഇതു ചെയ്യണമെന്ന് 11-ാം വാക്യത്തിൽ പുത്രൻ പ്രാർത്ഥിക്കുന്നു.

### *c. പരിശുദ്ധ പിതാവിനാൽ*

കർത്താവ് തന്റെ പിതാവിനെ,"പരിശുദ്ധ പിതാവ്"എന്ന് 11-ാം വാക്യത്തിൽ അഭിസംബോധന ചെയ്യുന്നു. പിതാവിന്റെ ജീവൻ വിശുദ്ധ ജീവനാണ്, ലോകത്തിൽനിന്നും വേർപെട്ട ഒരു ജീവനാണ്. നമുക്ക് ഈ ജീവൻ ഉണ്ടെങ്കിലും, വിശുദ്ധ പിതാവിൽനിന്നും അകന്നു വസിക്കുന്നു എങ്കിൽ, നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകും. പിതാവിന്റെ നാമത്തിൽ പരിശുദ്ധ പിതാവിന്റെ ജീവനാൽ നാം എല്ലാവരും കാക്കപ്പെടണം.

## **5. പിതാവിന്റെ നാമത്തിൽ ഒന്നാണ്**

### *a. ത്രിയേകദൈവത്തിലെ മൂവർ എന്നപോലെ*

ത്രിയേകദൈവത്തിലെ മൂവരും ഒന്നാണ്. അതാണ് യഥാർത്ഥ ഒരുമ; നമ്മുടെ ഒരുമയുടെ മാതൃകയും അതായിരിക്കണം. ദിവ്യജീവനിലും, ദിവ്യസ്വഭാവത്തിലും, ദിവ്യതേജസ്സിലും ത്രിയേകദൈവത്തിലെ മൂവരും ഒന്നാണ്. ദൈവത്തിന്റെ അനേക പുത്രന്മാരായ നാമും, ദിവ്യജീവനിലും ദിവ്യസ്വഭാവത്തിലും ദിവ്യതേജസ്സിലും ഒന്നായിരിക്കണം. ത്രിയേകദൈവത്തിലെ മൂവരും ആയിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കണം.

### *b. നിത്യജീവനാൽ*

നിത്യജീവനാൽ വിശ്വാസികൾ പിതാവിന്റെ നാമത്തിൽ ഒന്നാണ്. പിതാവിന്റെ നാമത്തിൽ ഒന്നായിരിക്കുക എന്നത് ഒരു നാമം മുഖാന്തരം ഒരുമ കാത്തുസൂക്ഷിക്കുന്നതല്ല. ജഡത്തിൽ അഞ്ച് സഹോദരന്മാർ ഉണ്ട് എന്ന് കരുതുക. അവർ എല്ലാവരും ഒരു പിതാവിൽനിന്നു ജനിച്ചവരും ഒരേ ജീവനുള്ളവരുമാണ്. അവരുടെ പിതാവിൽനിന്നും സ്വീകരിച്ച ജീവൻ അവരുടെ പിതാവിന്റെ യാഥാർത്ഥ്യമാണ്. അവരുടെ പിതാവ് അവർക്ക് ഒരു യാഥാർത്ഥ്യമാണ്. കാരണം അവർക്ക് അദ്ദേഹത്തിന്റെ ജീവനുണ്ട്. ഒരുപക്ഷേ ഈ സഹോദരന്മാർ പരസ്പരം അസന്തുഷ്ടരും പരസ്പരം വെറുക്കുന്നവരും ആയിരിക്കും. അവർ എന്തുചെയ്യണം? അവർ വേർതിരിഞ്ഞ് ഭിന്നിക്കണമോ? അല്ല. അവർ പരസ്പരം അസന്തുഷ്ടരും വെറുക്കുന്നവരും ആണെങ്കിലും, അവരുടെ ഉള്ളിന്റെ ഉള്ളിൽനിന്നുള്ള ചിലത് അവരെ പരസ്പരം ചേർത്തു നിറുത്തുകയും,"സഹോദരന്മാരെ നമുക്ക് ഒരു പിതാവുണ്ട്, നാം ഭിന്നിക്കരുത്, നാം ഒന്നായിരിക്കണം"എന്നു പറയുവാൻ ഇടയാക്കുകയും ചെയ്യുന്നു. ഇപ്രകാരം അവരുടെ പിതാവിന്റെ നാമത്തിൽ അവർ ഒരുമയിൽ കാക്കപ്പെടുന്നു. എന്നിരുന്നാലും, യഥാർത്ഥത്തിൽ പിതാവിന്റെ ജീവനാലാണ് അവർ കാക്കപ്പെടുന്നത്. അവർ പരസ്പരം അസന്തുഷ്ടരും വേർപെടുവാൻ ആഗ്രഹിക്കുന്നവരുമാണെങ്കിലും, അവരുടെ ഉള്ളിലെ പിതാവിന്റെ ജീവൻ അവരെ ഒന്നിച്ചുനിറുത്തുന്നു. ഉള്ളിന്റെ ആഴത്തിൽ അവർ പരസ്പരം സ്നേഹിക്കുന്നു. അവരിൽ ഒരാൾ ആക്രമിക്കപ്പെടുമ്പോൾ, മറ്റുള്ളവർ ഒരുമിച്ച്നിന്ന് ആക്രമിക്കുന്നവന് എതിരേ പോരാടും. അതുപോലെ, പിതാവിന്റെ ജീവന്റെ യാഥാർത്ഥ്യമായ, പിതാവിന്റെ നാമം, അവന്റെ മക്കളെ ഒന്നാക്കി സൂക്ഷിക്കുന്നു.

എന്നിരുന്നാലും, പിതാവിന്റെ മക്കൾ അവരുടെ ആന്തരികജീവനെ അതിജിവിക്കുവാനും നിഷ്പ്രഭമാക്കുവാനും തങ്ങളുടെ മനോഭാവത്തെ അനുവദിച്ചാൽ അവർ ഭിന്നിക്കും. പിതാവിന്റെ ജീവൻ അവരെ ഏകോപിപ്പിക്കുകയും അവരെ ഒരുമയിൽ കാക്കുകയും ചെയ്യുന്നു, എന്നാൽ അവരുടെ മനോഭാവം അവരെ ഭിന്നിപ്പിക്കുന്നു. ക്രിസ്ത്യാനികൾ ഇന്ന് തങ്ങളുടെ വലിയ മനോഭാവത്താൽ ഭിന്നിച്ചിരിക്കുന്നു. അവരുടെ മനോഭാവം അതിയായി വികസിക്കുമ്പോൾ ജീവനിലുള്ള അവരുടെ ഉയരം ഒരു കുള്ളന്റേതുപോലെയാണ്. മനോഭാവത്തിൽ നിങ്ങൾ വികസിക്കുന്തോറും ജീവനെ സംബന്ധിച്ചിടത്തോളം നിങ്ങൾ ഒരു കുള്ളനാണ്. മനോഭാവത്തിന്റെ അതിവികാസമാണ് ഭിന്നതയ്ക്കു കാരണം. നമ്മുടെ ആന്തരികജീവൻ വികസിക്കുവാൻ നാം

അനുവദിക്കുകയാണെങ്കിൽ, പിതാവിന്റെ ജീവനിൽ നാം എല്ലാവരും ഒരുമിക്കും. പിതാവിന്റെ ജീവനിൽ വസിച്ചാൽ നാം എല്ലാവരും ഒന്നായിരിക്കും.

സ്ഥലംസഭയിൽ തന്റെ മനോഭാവത്തിൽ തികച്ചും മിടുക്കനെന്നു സ്വയം കരുതുന്ന ഏതു വ്യക്തിയും ഭിന്നതയ്ക്ക് ഒരു പ്രധാന കാരണമായിരിക്കും. മനോഭാവത്തിൽ മിടുക്കനാണെന്ന് നിങ്ങൾ തന്നെത്താൻ ഒരിക്കലും കരുതരുത്. സർപ്പത്തിന്റെ വിഷത്തെ ഭയക്കുന്നതുപോലെ നിങ്ങളുടെ സമർത്ഥമായ മനസ്സിനെയും നിങ്ങൾ പേടിക്കണം. ഓ, പിതാവിന്റെ ജീവനിൽ നാം കാക്കപ്പെടേണ്ടത് എത്രമാത്രം ആവശ്യമാണ്! ജഡത്തിലുള്ള അനേക സഹോദരങ്ങൾ പരസ്പരം സ്നേഹിക്കുന്നത്, പുറമേയുള്ള അവസ്ഥ അനുസരിച്ചല്ല പിന്നെയോ അവരുടെ ഉള്ളിലുള്ള രക്തം അനുസരിച്ചാണ്. എനിക്കു നാലു സഹോദരന്മാരുണ്ടായിരുന്നു. ചിലപ്പോഴൊക്കെ ഞങ്ങൾ പരസ്പരം പോരാടിയിരുന്നെങ്കിലും, ആരെങ്കിലും ഞങ്ങളെ മുറിവേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ, ഞങ്ങൾ ഒരേ രക്തത്തിൽ ഉള്ളവരായതുകൊണ്ട്, ഉടനെതന്നെ ഒരുമിക്കാറുണ്ടായിരുന്നു. അതുപോലെ, ശരിയായ ഒരുമയുടെ യാഥാർത്ഥ്യമായ, പിതാവിന്റെ ജീവൻ നമ്മെ യോജിപ്പിക്കുന്നു. നിങ്ങളുടെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും ഗൗനിക്കരുത്. നിങ്ങളുടെ വികാരങ്ങൾ നിങ്ങൾക്ക് എന്നോടുള്ള അസന്തുഷ്ടിക്ക് ഇടയാക്കും. എന്റെ മാനസികനില എനിക്ക് നിങ്ങളോടുള്ള അസന്തുഷ്ടിക്ക് കാരണമാകും. എന്നാൽ അത്തരത്തിലുള്ള കാര്യങ്ങൾ മറക്കുകയും ആന്തരികജീവനെ ശ്രദ്ധിക്കുകയും ചെയ്യണം. ഉള്ളിന്റെ ആഴത്തിൽ നിങ്ങൾക്ക് പിതാവിന്റെ ജീവനുണ്ട്, എനിക്കുമുണ്ട്. നമുക്കെല്ലാവർക്കും പിതാവിന്റെ ജീവനുണ്ട്; നമ്മുടെ പിതാവിന്റെ നിത്യജീവനാൽ നാം ഒന്നാണ്.

### *c. പിതാവിന്റെ നാമത്തെ, പിതാവിനെത്തന്നെ ആസ്വദിക്കുന്നു*

പിതാവിനെത്തന്നെ ആസ്വദിക്കുന്നതിലൂടെ പിതാവിന്റെ നാമത്തിൽ നാം ഒന്നാണ്. ദൈവത്തിന്റെ മക്കളെന്ന നിലയിൽ, നമുക്ക് എല്ലാവർക്കും ഒരേ പിതാവാണുള്ളത്. എന്നാൽ നാം പരസ്പരം ഒന്നല്ലാതിരിക്കുമ്പോൾ, നമുക്ക് പിതാവിനെ ആസ്വദിക്കുന്നു എന്ന ബോധം ഇല്ല. അവന്റെ ജീവനാൽ നാം ഒന്നായിരിക്കുന്തോറും, പിതാവ് വളരെ ആസ്വാദ്യകരനാണെന്നുള്ള ബോധം നമുക്കുണ്ട്. നാം ഒരുമിച്ച്,"പിതാവേ"എന്നു വിളിക്കുന്നത് എത്ര മധുരമാണ്. എന്നാൽ, നാം പൊരുതുകയും അനേക കൂട്ടങ്ങളായി വിഭജിക്കുകയും ചെയ്തു എന്നു കരുതുക. അത്തരത്തിലുള്ള ഒരു സാഹചര്യത്തിൽ നാം "പിതാവേ" എന്നു വിളിക്കുവാൻ ശ്രമിക്കുമ്പോൾ, പിതാവിന്റെ നാമത്തിന്റെ മധുരാനുഭൂതി നമുക്ക് നഷ്ടപ്പെടുന്നു. പിതാവിന്റെ നാമ

ത്തിന്റെ മധുരഗന്ധം അവന്റെ മക്കളുടെ ഒരുമയെ ആശ്രയിച്ചിരിക്കുന്നു. നാം ഒന്നായിരിക്കുമ്പോൾ, പിതാവിനെ നാം ആസ്വദിക്കുന്നു.

### *d. ഒരുമയുടെ ആദ്യവശം*

വിശ്വാസികളുടെ കെട്ടുപണിയായ ഒരുമയുടെ ആദ്യവശം പിതാവിന്റെ ദിവ്യജീവനാൽ അവന്റെ നാമത്തിലുള്ള ഒരുമയാണ്. ഒരുമയുടെ ആ വശത്ത് വിശ്വാസികൾ പിതാവിന്റെ ജീവനിൽനിന്നു ജനിച്ച്, പിതാവിന്റെ നാമത്തെ, അതായത് പിതാവിനെത്തന്നെ, തങ്ങളുടെ ഒരുമയുടെ ഘടകമായി ആസ്വദിക്കുന്നു. നമുക്ക് ഒരു പിതാവുള്ളതുകൊണ്ട് നാം ഒന്നാണ്. നമുക്ക് ഒരു ദൈവം മാത്രമല്ല ഒരു പിതാവും ഉണ്ട്. അബ്ബാ പിതാവ് എന്ന ഈ മധുരനാമം നാം അനുഭവപരമായ മാർഗ്ഗത്തിൽ പൂർണ്ണമായി അറിഞ്ഞിരിക്കുന്നു. കാരണം അവന്റെ ജീവൻ നമുക്കുണ്ട്. ഇപ്പോൾ അവന്റെ ജീവനാൽ നാം അവനിൽ ഒന്നാണ്.

ഒരേ ദിവ്യജീവനുള്ള ദൈവപുത്രന്മാരാണ് നാം എല്ലാവരും എന്നും, ദൈവം നമ്മുടെയെല്ലാം പിതാവാണ് എന്നും ഉള്ളതാണ്, നമ്മുടെ ഒരുമയുടെ ഒന്നാമത്തെ അടിത്തറയും കാരണവും. ദൈവം നിങ്ങളുടെയും എന്റെയും പിതാവായതുകൊണ്ട്, നാം ഒരേ കുടുംബത്തിൽ, ദൈവത്തിന്റെ കുടുംബത്തിൽ ഉള്ളവരാണ്. നിങ്ങൾ ഒരു അമേരിക്കക്കാരനും ഞാൻ ഒരു ചൈനക്കാരനുമാണ്; എങ്കിലും നമുക്ക് പരസ്പരം സഹോദരൻ എന്നു വിളിക്കുവാൻ കഴിയുന്നു. ഇത് വളരെ പ്രിയവും ഹൃദ്യവുമാണ്. വാസ്തവത്തിൽ, ജഡത്തിലുള്ള എന്റെ സ്വന്തം സഹോദരനുമായി ഇത്തരത്തിലുള്ള ഒരു ഉറ്റബന്ധം ഞാൻ അനുഭവിക്കുന്നില്ല. എനിക്കുവേണ്ടി ഇത് സാക്ഷ്യപ്പെടുത്തുവാൻ കർത്താവിന് കഴിയും. ഇത് സത്യമായിരിക്കുന്നത് എന്തുകൊണ്ടാണ്? എന്തെന്നാൽ നാം എല്ലാവരും ഒരേ പിതാവിൽനിന്നു ജനിച്ചവരും, ഒരേ ജീവനുള്ളവരും, ആ ജീവനിൽ സഹോദരന്മാരുമാണ്. നാം മച്ചുനന്മാരല്ല- ജീവനിലുള്ള സഹോദരന്മാരാണ്. പിതാവിന്റെ ജീവനിൽ നാം സഹോദരന്മാരായതിനാൽ ദൈവത്തിനു സ്തോത്രം! ഇക്കാരണത്താൽ നാം ഒന്നായിരിക്കണം. ഒന്നല്ലാതെയായിരിക്കുവാൻ നമുക്ക് ഒരു കാരണവുമില്ല, എന്തെന്നാൽ നാം ഒരേ പിതാവും ഒരേ ജീവനുമുള്ള ഒരു കുടുംബമാണ്. അതുകൊണ്ട്, ജീവനിൽ നമുക്ക് ശരിയായ സഹോദരബന്ധമുണ്ട്. ഈ ജീവനിൽ നാം എല്ലാവരും ഒന്നായിരിക്കണം, ഒന്നായിരിക്കുവാൻ കഴിയുകയും ചെയ്യും.

### *e. പൂർണ്ണമായ സന്തോഷം*

“ഇപ്പോഴോ ഞാൻ നിന്റെ അടുക്കൽ വരുന്നു; എന്റെ സന്തോഷം അവർക്ക് ഉള്ളിൽ പൂർണ്ണമാകേണ്ടതിന് ഇതു ലോകത്തിൽവച്ചു സംസാരിക്കുന്നു,”എന്ന് 13-ാം വാക്യത്തിൽ കർത്താവ് പിതാവിനോട്

പറഞ്ഞു, സന്തോഷത്തിന്റെ പൂർണ്ണത യഥാർത്ഥ ഒരുമയിലാണ്. പിതാവിന്റെ ജീവനാൽ പിതാവിന്റെ നാമത്തിൽ നാം ഒന്നായിരുന്ന് പിതാവിനെ ഒരുമിച്ച് ആസ്വദിക്കുമ്പോൾ, നമുക്ക് കർത്താവിന്റെ സന്തോഷം നമ്മിൽ തികഞ്ഞുവരുന്നു. ഇക്കാരണത്താലാണ്, നാം യഥാർത്ഥത്തിൽ ഒരുമയിലായിരിക്കുമ്പോൾ, നാം പിതാവിനുള്ള സ്തുതികളാൽ നിറഞ്ഞവരാകുന്നത്. ഈ സ്തുതി ആന്തരിക സന്തോഷത്തിന്റെ കവിഞ്ഞൊഴുക്കുതന്നെയാണ്. സന്തോഷത്തിന്റെ കവിഞ്ഞൊഴുക്കോടുകൂടെ നാം ഒരുമയിൽ ആഹ്ലാദിക്കുന്നു.